# ‘നല്ലവനും, സ്നേഹവാനും, വിശ്വസ്തനുമായ ദൈവം’

## സങ്കീർത്തനങ്ങൾ 100:5

“യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു”

5 വാക്യങ്ങൾ മാത്രമുള്ള ഈ സങ്കീർത്തനം തുടങ്ങുന്നത് തന്നെ യഹോവയെ ആർപ്പോടുകൂടി സ്തുതിപ്പാൻ തക്കവണ്ണം സകലഭൂവാസികൾക്കുമുള്ള ഒരു വലിയ ആഹ്വാനത്തോട് കൂടിയാണ്. തുടർന്ന് അവനെ സേവിപ്പാനും, സംഗീതത്തോടുകൂടി അവന്റെ സന്നിധിയിൽ വന്ന് അവനെ സ്തുതിച്ചു മഹത്വപ്പെടുത്തുവാനും സങ്കീർത്തകൻ ആവശ്യപ്പെടുന്നു. യഹോവ മാത്രം ദൈവം എന്നുള്ള ഒരു തിരിച്ചറിവിലേക്കും അവനാണ് നമ്മെ സൃഷ്ടിച്ചതെന്നും, നാം ഓരോരുത്തരും അവൻ മേയിക്കുന്ന ആടുകളാണെന്നും ഉള്ള വസ്തുത നാം മറന്നു പോകാതെ അവനെ നിരന്തരം സ്തുതിച്ച് മഹത്വപ്പെടുത്താൻ നമ്മെ ഉത്ബോധിപ്പിക്കുന്നു. എന്നാൽ വാക്യം 5 ലേക്ക് വരുമ്പോൾ ദൈവത്തിന്റെ ശ്രേഷ്ഠമായ ചില സവിശേഷതകൾ വർണ്ണിക്കുന്ന ഭാഗമാണ് നമുക്ക് ഇന്നു ചിന്തയ്ക്കായി ലഭിച്ചിരിക്കുന്നത്. അവിടെ പറയുന്നു യഹോവ നല്ലവനാണ്, അവന്റെ ദയ എന്നേക്കുമുള്ളതാണ്, അവന്റെ വിശ്വസ്തത തലമുറതലമുറയായി ഇരിക്കുന്ന ഒന്നാണ്. 3 കാര്യങ്ങളാണ് ഇവിടെ പറയുന്നത്. യഹോവ നല്ലവനാണ്. അവൻ തന്റെ മക്കളോട് എല്ലാക്കാലത്തും ദയ കാണിക്കുന്ന നല്ല പിതാവാണ്. അതിലുപരി തലമുറ തലമുറയായി വിശ്വസ്തനായ ദൈവമാണ്.

ഇന്ന് നമ്മുടെ ജീവിതത്തിലേക്ക് നോക്കിയാൽ ഇന്ന് ഈ നല്ലവനായ ദൈവവുമായി ഒരു ആത്മബന്ധം സ്ഥാപിക്കുന്നതിനോ, അവന്റെ ദയയ്ക്ക് അർഹരാകുന്നതിനോ, അവൻ വിശ്വസ്തൻ ആയിരിക്കുന്നതു പോലെ അവന്റെ മുമ്പിൽ നമുക്ക് പൂർണ്ണ വിശ്വസ്തരായി ഇരിക്കുന്നതിനോ കഴിയുന്നുണ്ടോ എന്ന് ഒന്നു ചിന്തിച്ചു നോക്കണം. അതിനു സാധ്യമല്ല അല്ലെങ്കിൽ സാധിച്ചിട്ടില്ല എന്നാണ് ലഭിക്കുന്ന മറുപടി എങ്കിൽ ദൈവത്തിന്റെ വചനം നമ്മോട് ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട് “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു” (റോമർ 5:8). ഇന്ന് ഈ ദൈവം നമ്മെ നാം ആയിരിക്കുന്ന അവസ്ഥയിൽ കണ്ടില്ലായിരുന്നുവെങ്കിൽ നാം ഇന്നു എവിടെയായിരിക്കും എന്നു ഒന്നു ചിന്തിച്ചുനോക്കുക. പാപത്തിന്റെ പടുകുഴിയിൽ കിടന്നു മ്ലേഛമായ അവസ്ഥയിൽ കിടന്നുരുണ്ട് നരകത്തിന്റെ പടിവാതിൽക്കൽ മരണവും കാത്ത്

കഴിഞ്ഞിരുന്ന നമ്മെ രക്ഷിപ്പാൻ തക്കവണ്ണം ദൈവത്തിനു നമ്മോടു തോന്നിയ ആ വലിയ സ്നേഹമാണ് ഇന്നു ക്രിസ്തുവിൽ നമ്മൾ ആസ്വദിക്കുന്ന പാപത്തിൽ നിന്നുള്ള ഈ സ്വാതന്ത്ര്യം. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നുണ്ട് 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' എന്ന്.

ഇന്ന് നാം നല്ലവനായ ദൈവത്തെയും അവന്റെ നിത്യമായ ദയയേയും തിരിച്ചറിയാത്തവരായാണോ ജീവിക്കുന്നത്? തലമുറ തലമുറയായി വിശ്വസ്തനും നമ്മുടെ സങ്കേതവുമായിരിക്കുന്നവനെ ജീവിതത്തിൽ അനുഭവിക്കാൻ ഇനിയും സാധിച്ചിട്ടില്ലേ? എങ്കിൽ നീ നിന്റെ ജീവിതത്തിൽ നിന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് അവനോട് നിരപ്പു പ്രാപിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ആയതിനാൽ നാം എന്തു ചെയ്യേണ്ടു? റോമർ 10:9ൽ പറയുന്നു "യേശുവിനെ കർത്താവു എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും." ഇന്നു തന്നെ ഈ ലോകത്തോടും അതിന്റെ മോഹങ്ങളോടുമുള്ള നമ്മുടെ ബന്ധം വിച്ഛേദിച്ച് നമുക്ക് അവന്റെ രക്ഷയെ ഏറ്റെടുക്കാൻ തയ്യാറാവാം. അത് ഏറ്റെടുത്ത് നിത്യജീവനിലേക്കുള്ള പാതയിൽ വിശുദ്ധിയോടു കൂടി ആയിരിപ്പാൻ ശ്രമിക്കാം. അതിന്നായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

റോമർ 8:38–39

'മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു

ബ്രദർ. ബിനു ബേബി ആലപ്പുഴ 070